# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

**വാർത്താക്കുറിപ്പ്**

**2024 ജൂലൈ 19**

---

## യു.ജി, പി.ജി പ്രൈവറ്റ് രജിസ്ട്രേഷൻ; ഓൺലൈൻ അപേക്ഷകൾ 22 മുതൽ

എം.ജി സർവകലാശാലയുടെ പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ജൂലൈ 22 മുതൽ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം. ഫൈനില്ലാതെ ഓഗസ്റ്റ് 31 വരെയും ഫൈനോടുകൂടി സെപ്റ്റംബർ 30 വരെയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/622/2024)

## കലോത്സവ വിജിയകൾക്ക് കാഷ് അവർഡിന് അപേക്ഷിക്കാം

ദേശീയ ദക്ഷിണ മേഖലാ കലോത്സവങ്ങളിൽ(20232024 അക്കാദമിക് വർഷം)വിജയിച്ച എം.ജി സർവകലാശാലയിലെ വിദ്യാർഥികൾക്കുള്ള കാഷ് അവാർഡിന് ഓഗസ്റ്റ് അഞ്ച്, വൈകുന്നേരം അഞ്ചുവരെ അപേക്ഷിക്കാം.

കോളേജ് മേധാവി സാക്ഷ്യപ്പെടുത്തിയ അപേക്ഷയോടൊപ്പം വിജയിച്ചതിന് ലഭിച്ച സർട്ടിഫിക്കറ്റിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിക്കണം. അപേക്ഷ ഫോറവും വിശദ വിവരങ്ങളും https://www.mgu.ac.in/infodesk/downloads എന്ന ലിങ്കിൽ ലഭിക്കും.

അപേക്ഷ അയയ്ക്കേണ്ട വിലാസം- ഡയറക്ടർ, ഡിപ്പാർട്മെൻറ് ഓഫ് സ്റ്റുഡൻറ് സർവീസസ്, മഹാത്മാഗാന്ധി സർവകലശാല, പി.ഡി ഹിൽസ് പി.ഒ, കോട്ടയം, 686560.
(പി.ആർ.ഒ/39/623/2024)

## ഡിപ്ലോമ കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസും (ഐ.യു.സി.ഡി.എസ്) കോതമംഗലം പീസ് വാലിയും സംയുക്തമായി ജറിയാട്രിക്ക് റിഹാബിലിറ്റേഷൻ ആൻറ് വെൽനെസ്സ് എന്ന വിഷയത്തിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നു. പ്രീ ഡിഗ്രി അല്ലെങ്കിൽ പ്ലസ് ടൂവാണ് അടിസ്ഥാന യോഗ്യത. പ്രായപരിധിയില്ല.

ഓൺലൈൻ, ഓഫ് ലൈൻ ക്ലാസുകൾ ഉണ്ടാകും. പ്രായോഗിക പരിശീലനം വിവിധ കേന്ദ്രങ്ങളിൽ നടക്കും. രജിസ്ട്രേഷൻ ഫീസ് 9000 രൂപ. വിശദ വിവരങ്ങൾ 6235453105,8891391580 എന്നീ ഫോൺ നമ്പരുകളിൽ ലഭിക്കും.

ഈമെയിൽ-iucdsmgu@mgu.ac.in
(പി.ആർ.ഒ/39/624/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻറർനഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൽ എംഎ പൊളിറ്റിക്സ് ആൻറ് ഇൻറർനഷണൽ റിലേഷൻസ് പ്രോഗ്രാമിൽ പട്ടിക ജാതി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായവർ ജൂലൈ 22ന് രാവിലെ 11ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം.

..........................................

സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻറ് ബിസിനസ് സ്റ്റഡീസിൽ എംബിഎ പ്രോഗ്രാമിൽ എസ്.സി, എസ്.ടി വിഭാഗത്തിൽ സീറ്റ് ഒഴിവുണ്ട്. ക്യാറ്റ്, സീമാറ്റ്, കെമാറ്റ് ഇവയിൽ ഏതെങ്കിലും യോഗ്യത നേടിയ എസ്.സി, എസ്.ടി വിഭാഗക്കാരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ജുലൈ 23ന് രാവിലെ 10.00ന് വകുപ്പ് ഓഫീസിൽ എത്തണം.
ഫോൺ- 0481-2733367

..........................................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എംടെക്, എംഎസ്സി പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 22ന് സ്പോട്ട് അഡ്മിഷൻ നടത്തും. എംടെക് എനർജി സയൻസ് ആൻറ് ടെക്നോളജി (ജനറൽ മെറിറ്റ്-5), എംഎസ്സി മെറ്റീരിയൽ സയൻസ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ്-ജനറൽ മെറിറ്റ്-2, ഒ ഇ.സി (എസ്.സി-2), എംഎസ്സി ഫിസിക്സ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ് (ഒ.ഇ.സി (എസ്.സി-2) എന്നിങ്ങനെയാണ് ഒഴുവുകളുടെ എണ്ണം.

അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുമായി രാവിലെ 11.30ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (https://sem.mgu.ac.in/)
ഫോൺ-7736997254.
(പി.ആർ.ഒ/39/625/2024)

## വൈവ വോസി

ജൂലൈ 25 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എ ഹിസ്റ്ററി, ഹിസ്റ്റോറിക്കൽ സ്റ്റഡീസ് (സിഎസ്എസ്) (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി ഏപ്രിൽ 2024)പരീക്ഷയുടെ പ്രോജക്റ്റ് , കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ ജൂലൈ 24ന് ആരംഭിക്കുന്ന രീതിയിൽ പുനഃക്രമീകരിച്ചു. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................................

നാലാം സെമസ്റ്റർ എംഎസ്സി ബയോടെകനോളജി (സി.എസ്.എസ് 2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്റ്റ് വൈവ വോസി പരീക്ഷകൾ ജൂലൈ 23 മുതൽ കോളേജുകളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/626/2024)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബയോഇൻഫർമാറ്റിക്സ് (സിബിസിഎസ് 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 25ന് എടത്തല

എം.ഇ.എസ് കോളജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................................

രണ്ടാം സെമസ്റ്റർ ബിവോക്ക് അഗ്രികൾച്ചർ ടെക്നോളജി (പുതിയ സ്കീം- 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ജൂൺ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 26ന് കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്സ് കോളേജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................................

നാലാം സെമസ്റ്റർ ബിഎസ്സി സൈബർ ഫോറൻസിക്ക് (സിബിസിഎസ് 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 22 മുതൽ കോളേജുകളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/627/2024)

## പരീക്ഷാ ഫലം

അഞ്ചാം സെമസ്റ്റർ ഐഎംസഎ (2017 മുതൽ 2019 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് സപ്ലിമെൻററി) ഡിഡിഎംസിഎ (2016 അഡ്മിഷൻ സപ്ലിമെൻററി, 2014-2015 അഡ്മിഷൻ മെഴ്സി ചാൻസ് ഡിസംബർ 2023) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് രണ്ടു വരെ സമർപ്പിക്കാം.

(പി.ആർ.ഒ/39/628/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**